"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം ഉല്പാദിപ്പിക്കുന്ന ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.644/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.566/2020/തസ്വഭവ; തീയതി 06.03.2020
2. സ.ഉ.(സാധാ) നം.1015/2024/തസ്വഭവ; തീയതി 11.06.2024
3. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം പ്രസിഡന്റിന്റെ 05.01.2026-ലെ Esst/(Q)279/Govt.Supply/2025-ാം നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.13

**<u>ഉത്തരവ്</u>**

ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന സഹകരണസംഘമായ കൊല്ലം ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘത്തിന് (ഭേഷജം), ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള സ്ഥാപനത്തിന്റെ ഡ്രഗ് ലൈസൻസ് പരിഗണിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് വിതരണം ചെയ്യാൻ 2017 മുതൽ സർക്കാർ അനുമതി നൽകി വരുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഈ ഉത്തരവ് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘത്തിൽ നിന്നും 31.12.2026 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങാൻ പരാമർശം 2 പ്രകാരം നൽകിയിട്ടുള്ള അനുമതിയാണ് നിലവിൽ പ്രാബല്യത്തിലുള്ളത്.

3. പരാമർശം 2 ഉത്തരവിന്റെ കാലാവധി 31.12.2026 ന് അവസാനിക്കുന്നതിനാൽ 2026-27 വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ട് എന്നും, അതിനാൽ സംഘം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ ഭരണ സ്ഥാപങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് / ഡിസ്പെൻസറികൾക്ക് വിൽപ്പന നടത്തുന്നതിനുള്ള കാലാവധി, സംഘത്തിന്റെ ഡ്രഗ്സ് ലൈസൻസിന്റെയും, GMP സർട്ടിഫിക്കറ്റിന്റെയും കാലാവധി അവസാനിക്കുന്ന 31/12/2028 വരെ ദീർഘിപ്പിച്ച് നൽകണമെന്നും കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം പ്രസിഡന്റ് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം (ഭേഷജം) തനതായി ഉല്പാദിപ്പിക്കുന്നതും, ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദം) ലൈസൻസ് നൽകിയിട്ടുള്ളതുമായ ആയുർവേദ മരുന്നുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും തദ്ദേശ ഭരണ സ്ഥാപന വിഹിതം ഉപയോഗിച്ച് വാങ്ങാൻ നൽകിയിട്ടുള്ള അനുമതി, സ്ഥാപനത്തിന്റെ ഡ്രഗ് ലൈസൻസിൽ പറയുന്ന നിബന്ധകളുടേയും GMP സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ **31.12.2028** വരെ ഉപാധികളോടെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. മുൻ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതുപോലെ, വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള നിരക്കിൽ അധികരിക്കാതെയും 30 മുതൽ 35 ശതമാനം വരെ വിലകിഴിവോടെയും ആയിരിക്കണം മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് നൽകേണ്ടത്. മരുന്നിന്റെ ഗുണനിലവാരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്, കൊല്ലം ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം (ഭേഷജം), മുണ്ടക്കൽ, കൊല്ലം - 691001
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 10-03-2026 13:52:33

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്